പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1272

11.06.2019-ൽ മറുപടിക്ക്

## മാമ്പ്രകന്നേൽ റയിൽവേ ഓവർ ബ്രിഡ്ജ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി യു. പ്രതിഭ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| കായംകുളം മണ്ഡലത്തിൽ കിഫ്ബിയിൽ നിന്നും തുക വിനിയോഗിച്ച് നിർമ്മിക്കുന്ന കൃഷ്ണപുരം മാമ്പ്രകന്നേൽ റയിൽവെ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ? | മാമ്പ്രകന്നേൽ റെയിൽവെ മേൽപ്പാല പദ്ധതിയുടെ വിശദമായ പദ്ധതിരേഖ കിഫ്ബിയ്ക്ക് സമർപ്പിക്കുകയും കിഫ്ബി 09.11.2018-ന് 31.21 കോടി രൂപയുടെ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് സ്ഥലമേറ്റെടുക്കാനുള്ള റിക്വിസിഷൻ ആലപ്പുഴ ജില്ലാ കളക്ടർക്ക് 24.12.2018-ന് സമർപ്പിച്ചു. സ്ഥലമേറ്റെടുക്കുന്നതിനായി അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും ഭരണാനുമതി 13.05.2019-ന് നൽകുകയും ചെയ്തിട്ടുണ്ട്.<br><br>തുടർന്ന് സ്ഥലമേറ്റെടുപ്പ് ഓഫീസറെ നിയമിക്കുന്നതിനും സംയുക്ത സ്ഥല പരിശോധന നടത്തുന്നതിനുമുള്ള തീയതി അറിയിക്കുന്നതിനുമായി ജില്ലാ കളക്ടർക്ക് ആർ.ബി.ഡി.സി.കെ 27.05.2019-ന് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ